മന്തുരോഗ നിർമ്മാർജ്ജന ഗുളിക വിതരണം സംബന്ധിച്ച ആക്ഷേപങ്ങൾ

161 [1740] ശ്രീ. എം. കുമാരൻ:

" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗ നിർമ്മാർജ്ജന ഗുളിക വിതരണം സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.ഇ.സി. ഗുരുതരമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന ആക്ഷേപങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ലഭിച്ച വിദഗ്ദ്ധ ഉപദേശം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) മന്തുരോഗ നിർമ്മാർജ്ജന മരുന്നു പ്രയോഗം സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ ഉപദേശം തേടിയിട്ടുണ്ട്. മന്തുരോഗ നിർമ്മാർജ്ജന പ്രവർത്തനവും അതിന്റെ ഗവേഷണവും നടത്തിവരുന്നു. റിട്ടയേർഡ് പ്രൊഫസർ ഡോ. ആർ. കെ. ഷേണായ്, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പ്രിവന്റീവ് മെഡിസിൻ മേധാവി ഡോ. ജിഷാ ശ്രീധരൻ, ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രൊഫസർ മാത്യു സക്കറിയ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ. കെ. റ്റി. ഷേണായി, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. പി. കെ. ശിവരാമൻ, അസിസ്റ്റന്റ് ഡയറക്ടർ ഫൈലേറിയയുടെ ചാർജ്ജ് വഹിക്കുന്ന ശ്രീ. ദിലീപ് കുമാർ എന്നിവരടങ്ങിയ ഒരു വിദഗ്ദ്ധ കമ്മറ്റി രൂപീകരിക്കുകയും കമ്മറ്റി 17-6-2004-ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ വച്ച് കൂടുകയും ഡി.ഇ.സി. ഗുളികകളുടെ പാർശ്വഫലങ്ങളെക്കുറിച്ചും, സമൂഹചികിത്സാ രീതിയെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. ഈ കമ്മറ്റി പല പഠന റിപ്പോർട്ടുകളും സസൂക്ഷ്മം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡി.ഇ.സി. ഗുളിക കഴിക്കുന്നതുകൊണ്ട് കാര്യമായ പാർശ്വഫലങ്ങൾ ഒന്നും തന്നെ ഉണ്ടാവുകയില്ലെന്ന് കണ്ടെത്തി.

(സി) മന്തുരോഗ നിർമ്മാർജ്ജനം, മരുന്നു പ്രയോഗം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഇതിൻമേൽ ഒരു തീരുമാനമുണ്ടാകുന്ന മുറയ്ക്ക് മാത്രമേ മരുന്നു വിതരണത്തെ സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly